തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ

R13/41541/12

തിയ്യതി:18.9.19

**വിജ്ഞാപനം**

വിഷയം:- തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ – റവന്യൂ വിഭാഗം –ശക്തൻ നഗറിലെ വഴിയോരക്കച്ചവടം നിരോധിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്.

സൂചന:- 1. 15.1.19 ലെ ഇതേ നമ്പർ അറിയിപ്പ്/കരട് വിജ്ഞാപനം
2. 8.7.19 ലെ 7–ാം നമ്പർ കൗൺസിൽ തീരുമാനം

.................

തൃശ്ശൂർ കോർപ്പറേഷൻ, ശക്തൻ നഗറിലുള്ള വഴിയോരകച്ചവടക്കാരെ പുനരധിവാസ കേന്ദ്രത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികളുടെ ഭാഗമായി താഴെ പറയുന്ന റോഡുകളിൽ വഴിയോരക്കച്ചവടം നിരോധിക്കുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം അറിയിപ്പ് (കരട് വിജ്ഞാപനം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആയതിന്മേൽ യാതൊരാക്ഷേപങ്ങളും ലഭിക്കാത്തതിനെ തുടർന്ന് സൂചന (2) ലെ കൗൺസിൽ തീരുമാന പ്രകാരം വിജ്ഞാപനത്തിന് അന്തിമ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ 18-09-19 തീയതി മുതൽ താഴെ പറയുന്ന റോഡുകളിൽ വഴിയോരകച്ചവടം നിരോധിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

1) എം.ഒ. റോഡിന്റെ തുടർച്ചയായ പട്ടാളം റോഡിന്റെ തുടക്കം (ജയ ബേക്കറി ജംഗ്ഷൻ) മുതൽ തെക്കോട്ട് ഏകദേശം 800 മീറ്റർ (മാതൃഭൂമി, ശക്തൻ റൗണ്ടുകൾ ഉൾപ്പെടെ)

2) മനോരമ റൗണ്ടിൽ നിന്നും പടിഞ്ഞാറ് കെ.എസ്.ആർ.ടി.സി ഭാഗത്തേക്ക് (മാതൃഭൂമി റൗണ്ട് വഴി) ഏകദേശം 500 മീറ്റർ (രാമഞ്ചിറ മഠം റോഡ്)

3) ശക്തൻ റൗണ്ടിൽ നിന്നും കിഴക്കോട്ടും പടിഞ്ഞാറോട്ടും 100 മീറ്റർ വീതം.

നിരോധനം ലംഘിക്കുന്നവർക്കെതിരെ നിയമാനുസൃതമുള്ള പിഴയുൾപ്പെടെയുള്ള നിയമനടപടികൾ നേരിടേണ്ടി വരുന്നതായിരിക്കും.

സെക്രട്ടറി
തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

എം.വി/18.9.19